## ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

**ഹാജർ : DR.BINU FRANCIS IAS**

**വിഷയം:-** ഖര (ജൈവ) മാലിന്യ സംസ്കരണ മേഖലയിൽ കാറ്റഗറി 5- സ്വകാര്യ ഏജൻസിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഖര (ജൈവ) മാലിന്യ സംസ്കരണ സൗകര്യങ്ങളുടെ രൂപകൽപ്പന, നിർമ്മാണം, പ്രവർത്തനം (ശേഖരണം ഉൾപ്പെടെ) നടപ്പാക്കൽ- എന്ന മേഖലയിൽ പ്രവർത്തി നിർവ്വഹണം നടത്തുന്നതിലേക്ക് **Agripoint G3 Technologies Private Limited** എന്ന ഏജൻസിക്ക് എംപാനൽമെന്റ് -നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

**പരാമർശം:-**

1. 31.12.2014-ലെ സ.ഉ (സാധാ) നം. 3508/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. 13.08.2018-ൽ ചേർന്ന 29-ാമത് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 14-ാം നമ്പർ തീരുമാനം.
3. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.02.2025 തീയതിയിലെ SM/1743/2024-C4-Part(1) നമ്പർ നടപടിക്രമം.
4. 06.03.2024 തീയതിയിലെ 6482/C4/2023/SM നം താൽപര്യപത്രം.
5. 29.01.2026 തീയതിയിൽ കൂടിയ ശുചിത്വമിഷൻ ടെക്നിക്കൽ കമ്മിറ്റി തീരുമാനം
6. 08.05.2026 തീയതിയിലെ SM/86/2026-C4 നം. Letter of Acceptance (LoA).
7. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറും **Agripoint G3 Technologies Private Limited** ഉം 30.05.2026-തീയതിയിൽ ഒപ്പു വച്ച ധാരണാപത്രം (MoU).

**നമ്പർ: SM/86/2026-C4** **തീയതി: 02-07-2026**

### ഉത്തരവ്

ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ സേവനം നൽകുന്നതിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി കൂടുതൽ സേവനദാതാക്കളെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷ ക്ഷണിക്കുന്നതിന് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം ശുചിത്വമിഷന് അനുമതി നൽകി ഉത്തരവായിരുന്നു. കൂടാതെ പരാമർശം (2 ) തീരുമാന പ്രകാരം ഇക്കാര്യത്തിലേയ്ക്ക് രൂപീകരിക്കപ്പെട്ട സാങ്കേതിക സമിതിയുടെ ശുപാർശയിന്മേൽ ഖരമാലിന്യ സംസ്കരണ മേഖലയിലെ സേവന ദാതാക്കളെ എംപാനൽ ചെയ്യുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഖരമാലിന്യ സംസ്കരണ മേഖലയിൽ സേവന ദാതാക്കളെ തെരഞ്ഞെടുക്കുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തി അനുയോജ്യരായ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനായി പരാമർശം (3) പ്രകാരം സാങ്കേതിക സമിതി പുനഃസംഘടിപ്പിച്ചിരുന്നു.

സംസ്ഥാനത്ത് ഖര (ജൈവ) മാലിന്യ സംസ്കരണ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ഏജൻസികളുടെ എംപാനൽമെന്റിനായി ശുചിത്വ മിഷൻ പരാമർശം (4 ) പ്രകാരം താൽപര്യപത്രം (EoI) ക്ഷണിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ **Agripoint G3 Technologies Private Limited** അപേക്ഷ സമർപ്പിച്ചിരുന്നു.



File No. SM/86/2026-C4 (Computer No. 133796)
Generated from eOffice by Beena R.S, C4 SSM, C4 SSM, KERALA SUCHITWA MISSION on 06/07/2026 04:31 PM

പരാമർശം (5) പ്രകാരം ചേർന്ന സാങ്കേതിക സമിതി യോഗത്തിൽ **Agripoint G3 Technologies Private Limited** സമർപ്പിച്ച സ്വകാര്യ ഏജൻസിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഖര (ജൈവ) മാലിന്യ സംസ്കരണ സൗകര്യങ്ങളുടെ രൂപകൽപ്പന, നിർമ്മാണം, പ്രവർത്തനം (ശേഖരണം ഉൾപ്പെടെ) നടത്തുന്നതിനുള്ള അപേക്ഷ പരിശോധിക്കുകയും ടി സ്ഥാപനത്തെ അംഗീകരിക്കാവുന്നതാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച്, ടി സ്ഥാപനത്തിന് പരാമർശം (6 ) പ്രകാരം Letter of Acceptance (LoA) നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (7 ) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറും **Agripoint G3 Technologies Private Limited** ഉം **30.05.2026**-തീയതിയിൽ ധാരണാപത്രം (MoU) ഒപ്പു വച്ചു.

മേൽ സാഹചര്യത്തിൽ, പരാമർശം (5) ശുചിത്വ മിഷൻ സാങ്കേതിക സമിതിയുടെ തീരുമാനത്തിന് വിധേയമായി ചുവടെ പട്ടികയിൽ പറയും പ്രകാരം **Agripoint G3 Technologies Private Limited** എന്ന എജൻസിക്ക് സ്വകാര്യ ഏജൻസിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഖര (ജൈവ) മാലിന്യ സംസ്കരണ സൗകര്യങ്ങളുടെ രൂപകൽപ്പന, നിർമ്മാണം, പ്രവർത്തനം (ശേഖരണം ഉൾപ്പെടെ) നടത്തുന്നതിലേക്ക് ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി ഏജൻസിയുടെ സേവന കാലാവധി ഈ ഉത്തരവ് തീയതി മുതൽ **മൂന്ന്** വർഷത്തേയ്ക്ക് ആയിരിക്കും.

| Name of Agency | Remarks |
|---|---|
| **Agripoint G3 Technologies Private Limited**<br>CMC - 28 654 Cherthala, Pin : 688524<br>Email : agripointg3@gmail.com<br>mob : 9074463513 | **Category 5-**<br>**Design, Build and Operation of processing facilities (composting) on the land owned by the agency (including collection).** |

**<u>നിബന്ധനകൾ</u>**

1. എംപാനൽമെന്റ് ലഭിക്കുന്ന എല്ലാ ഏജൻസികളും, 05.03.2026 ൽ ചേർന്ന ശുചിത്വ മിഷന്റെ 3 7 മത് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, എംപാനൽമെന്റ് ഫീസായി ₹5000+GST(18%) എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷന്റെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി ഒടുക്കേണ്ടതും, GST സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം പേയ്മെന്റ് ഡീറ്റെയിൽസ് ലഭ്യമാക്കിക്കൊണ്ട് എംപാനൽമെന്റ് സർട്ടിഫിക്കറ്റ് കൈപ്പറ്റേണ്ടതുമാണ്.
2. ഈ അംഗീകാരത്തിന്റെ കാലാവധി ഈ ഉത്തരവ് തീയതി മുതൽ **മൂന്ന് വർഷത്തേക്കായിരിക്കും.**
3. എംപാനൽമെന്റ് കാലയളവിൽ ശുചിത്വ മിഷനുമായി ഒപ്പുവച്ച ധാരണ പത്രത്തിന്റെ (M o U ) അടിസ്ഥാനത്തിൽ ഏജൻസി പ്രവർത്തി നിർവ്വഹണം ഏറ്റെടുത്ത് നടത്തേണ്ടതാണ്. ആയത് പാലിക്കപ്പെടുന്നില്ല എന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം, ശുചിത്വ മിഷൻ ഏജൻസിക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കുന്നതാണ്.

4. ടെണ്ടർ നടപടിക്രമത്തിൽ പങ്കെടുത്തുകൊണ്ട് മാത്രമേ എംപാനൽഡ് ഏജൻസികൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എംപാനൽമെന്റ് ലഭിച്ച മേഖലയിലുള്ള പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പാക്കുവാൻ പാടുള്ളൂ. പ്രവർത്തി നിർവ്വഹണം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനവും ഏജൻസിയും തമ്മിൽ പ്രത്യേകം കരാറിൽ ഏർപ്പെടേണ്ടതാണ്.
5. എംപാനൽഡ് ഏജൻസി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി ഏറ്റെടുത്ത് നടത്തുന്ന കാലയളവിൽ ടി ഉപാധി/പ്ലാന്റിൽ നിന്നുമുണ്ടാകുന്ന ഉത്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതും ഉപാധി/പ്ലാന്റിൽ നിന്നും പരിസ്ഥിതിക്ക്/ ജലസ്രോതസ്സുകൾക്ക് ദോഷകരമാകുന്ന ഒന്നും തന്നെ പുറംതള്ളുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
6. ടി ഉപാധി/പ്ലാന്റിൽ നിന്നും പുറന്തള്ളുന്ന ഘടകങ്ങളുടെ നിലവാരം മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്ക്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം ഉള്ളതാണെന്ന് നിർവ്വഹണ ഏജൻസി ഉറപ്പു വരുത്തേണ്ടതാണ്.
7. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചു വേണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതികൾ നടപ്പിലാക്കേണ്ടത്.
8. ഖരമാലിന്യ പരിപാലന ചട്ടം, 2026 പ്രകാരം മാലിന്യ സംസ്കരണ പ്ലാന്റ് നടത്തുന്ന ഏജൻസികൾ ശേഖരിക്കുന്നതും സംസ്കരിക്കുന്നതുമായ മാലിന്യം സംബന്ധിച്ച വിവരങ്ങൾ CPCB പോർട്ടലിൽ രജിസ്റ്റർ ചെയ്ത്, യഥാസമയം അപ്ഡേറ്റ് ചെയ്യേണ്ടതാണ്.
9. എക്സ്റ്റൻഡഡ് ബൾക്ക് വേസ്റ്റ് ജനറേറ്റർ റെസ്പോൺസിബിലിറ്റി സർട്ടിഫിക്കറ്റ് **(Extended Bulk waste Generator Responsibility Certificate)** ബാധകമായ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിലേക്ക് ആവശ്യമായ വിവരങ്ങൾ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം/സർക്കാർ/ശുചിത്വമിഷൻ ആവശ്യപ്പെടുന്ന പക്ഷം കൈമാറേണ്ടതാണ്.
10. പദ്ധതി നിർവ്വഹണ ഏജൻസി/ സേവനദാതാക്കൾ ഓരോ സാമ്പത്തിക വർഷവും അവർ സ്ഥാപിക്കുന്ന/ഏറ്റെടുക്കുന്ന പ്രവൃത്തി സംബന്ധിച്ച വിശദവിവരങ്ങൾ (പ്രോജക്ടിന്റെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓർഡർ), ഗുണഭോക്താക്കളുടെ വിവരം, പ്രോജക്ട് ലൊക്കേഷൻ, പ്ലാന്റിന്റെ കപ്പാസിറ്റി, പീരിയോഡിക് ഇൻസ്പെക്ഷൻ ഡീറ്റെയിൽസ് എന്നിവ) നിർബന്ധമായും രജിസ്റ്റർചെയ്ത് സൂക്ഷിക്കേണ്ടതും, ആവശ്യപ്പെടുന്ന പക്ഷം ശുചിത്വമിഷനിൽ ഹാജരാക്കേണ്ടതുമാണ്.
11. എംപാൽഡ് ഏജൻസികളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിലേയ്ക്ക് ഓരോ ഏജൻസിക്കും പ്രത്യേകം വെബ് പേജ് രൂപകല്പന ചെയ്യുന്നതിനും പരിപാലിക്കുന്നതിലേയ്ക്കക്കുമുള്ള ഡെവലപ്മെന്റ് ചാർജ്/പ്രോസസസ്സിംഗ് ഫീസ്, എംപാനൽമെന്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ അതാത് ഏജൻസികൾ വഹിക്കേണ്ടതാണ്.
12. സർക്കാർ/ശുചിത്വ മിഷൻ നടത്തുന്ന മാലിന്യ സംസ്കരണ പരിപാടികളിൽ താങ്കൾ പങ്കെടുത്ത് വിജയിപ്പിക്കേണ്ടതാണ്.
13. എംപാനൽഡ് ഏജൻസികൾ മേൽ പറഞ്ഞ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണം മേൽ പറഞ്ഞവയ്ക്ക് വിരുദ്ധമായി കാണുന്ന പക്ഷമോ; ശുചിത്വ മിഷൻ കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾക്ക്

വിധേയമായോ; എംപാനൽചെയ്യപ്പെട്ട മേഖലയുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിധത്തിൽ നയമാറ്റമുണ്ടാകുകയാണെങ്കിലോ; ഏജൻസിയെക്കുറിച്ചോ, ഏജൻസി ഏറ്റെടുത്ത് നടത്തുന്ന മാലിന്യ സംസ്കരണ പ്ലാന്റ്/സ്ഥാപിച്ച ഉപാധി/സേവനം തൃപ്തികരമല്ല എന്ന പരാതി പൊതുജനങ്ങളിൽ നിന്നോ, സർക്കരിൽ നിന്നോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉണ്ടാകുന്ന പക്ഷമോ; ശുചിത്വ മിഷന് ഏജൻസിയുടെ അംഗീകാരം പുനഃപരിശോധിക്കുന്നതിനും, ആയത് പരിശോധിച്ച് ബോധ്യപ്പെടുന്നപക്ഷം, യാതൊരു അറിയിപ്പും കൂടാതെ ഏതു സമയത്തും ഏജൻസിയുടെ അംഗീകാരം റദ്ദു ചെയ്യുന്നതിന് ശുചിത്വ മിഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

**ഡോ. ബിനു ഫ്രാൻസിസ് ഐ.എ.എസ്സ്**
**എക്സിക്യൂട്ടീവ് ഡയറക്ടർ**

സ്വീകർത്താവ്:- ബന്ധപ്പെട്ട ഏജൻസി

പകർപ്പ്:-

1. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ, (അറിവിലേയ്ക്കായി)
2. ചീഫ്എഞ്ചിനീയർ,**LID & EW**, തദ്ദേശ സ്വയംഭരണ വകുപ്പ്.
3. ഡയറക്ടർ ജനറൽ, കില.
4. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും.
5. എല്ലാതദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന)
6. വെബ്സൈറ്റ്, ഓഫീസ്കോപ്പി/കരുതൽ ഫയൽ